**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 180 11-06-12 ൽ മറുപടിക്ക്**

**വ്യാജലോട്ടറി**

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത് :<br>ശ്രീ.എ.റ്റി.ജോർജ് :<br>ശ്രീ.ഹൈബി ഈഡൻ :<br>ശ്രീ.റ്റി.എൻ.പ്രതാപൻ: | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | ഒറ്റ നമ്പർ ലോട്ടറികൾ, അന്യസംസ്ഥാന ലോട്ടറികൾ, വ്യാജലോട്ടറികൾ എന്നിവയുടെ ചൂഷണം തടയുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | ഒറ്റ നമ്പർ ലോട്ടറികൾ, അന്യസംസ്ഥാന ലോട്ടറികൾ, വ്യാജ ലോട്ടറികൾ എന്നിവയുടെ അനധികൃത ഭാഗ്യക്കുറി വില്പന തടയുന്നതിനായി) ശ്രീ. T.P. സെൻകുമാർ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്) തലവനായി ഒരു സംസ്ഥാനതല മോണിറ്ററിംഗ് സെല്ലും, അതാത് ജില്ലാ കളക്ടർ തലവനായി ഓരോ ജില്ലാതല മോണിറ്ററിംഗ് സെല്ലും രൂപീകരിച്ചിട്ടുണ്ട്. എല്ലാ മാസവും സംസ്ഥാനതല മോണിറ്ററിംഗ് സെൽ യോഗം ചേർന്ന് സംസ്ഥാനത്താകെ അന്യ സംസ്ഥാന ഭാഗ്യക്കുറികൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ സൂക്ഷ്മമായി പരിശോധിച്ച് തുടർ നടപടികൾ കൈക്കൊണ്ടുവരുന്നു. നാളിതുവരെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി അനധികൃത ഭാഗ്യക്കുറി വില്പനയുമായി ബന്ധപ്പെട്ട് 31 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | വ്യാജലോട്ടറി നിയന്ത്രിക്കുവാൻ വേണ്ടി നിയമനിർമ്മാണം നടത്തുവാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | നിയമഭേദഗതിയ്ക്ക് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | വ്യാജലോട്ടറി തടയുന്നതിന് ഒരു സ്ഥിരസംവിധാനം ഏർപ്പെടുത്തുമോ ; ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ? | (സി) | വ്യാജ ലോട്ടറിയുടെ വില്പന ഫലപ്രദമായി തടയുന്നതിന് ഇപ്പോൾ നിലവിലുള്ള സ്ഥിരം സംവിധാനങ്ങളായ സംസ്ഥാനതല മോണിറ്ററിംഗ് സെല്ലും ജില്ലാതല മോണിറ്ററിംഗ് സെല്ലും കൂടാതെ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ സൂപ്രണ്ട് ഓഫ് പോലീസിന്റെ നേതൃത്വത്തിൽ ഒരു വിജിലൻസ് സെൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പോലീസ് |

| | | | |
|---|---|---|---|
| | | | വകുപ്പും സൈബർ സെല്ലിന്റെ പങ്കാളിത്തവും ഭാഗ്യക്കുറി വകുപ്പും ഒരുമിച്ച് പ്രവർത്തിച്ച് അനധികൃത അന്യസംസ്ഥാന ഭാഗ്യക്കുറി വില്പന പൂർണ്ണമായും കേരളത്തിൽ ഇല്ലാതാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ